HON'BLE MR. A. THANU PILLAI : അല്ല്, അളകം തമ്മിൽ, റോഡ് എവിടെക്കൂടി വേണമെന്നുള്ളതിനെക്കുറിച്ച തർക്കമുണ്ടായി. ഹർജികളും, എതിർഹർജികളും വരികയും അതൊക്കെ പരിശോധിച്ച് അന്വേഷണം നടത്തിയതിന്റെ ഫലമായി ഫൈനൽ കട്ടിൽ മാത്രമെ ഗവണ്മെന്റിന് ഉത്തരവിടാൻ സാധിച്ചുള്ളൂ. സ്ഥലം എടുത്തു ഡിപ്പാർട്ടുമെന്റിനു കൊടുത്തിട്ടുണ്ട്. ജോലി തുടരുന്നതാണ്.

Food Department

79. MR. PAUL A. THALIAT Will the honourable Minister for Food be pleased to state:

(*a*) whether the accounts of the purchasing and distributing action of the Food Department for the years 1120, 1121 and 1122 have been audited; and

(*b*) if the answer to (a) is in the affirmative, the amount of loss or gain made in each year respectively?

HON'BLE MR. A. THANU PILLAI : (എ) ഉണ്ട്. (ബി) ഫസ്ലി മുതൽ ഫസ്ലി 1130 വരെ ഗവണ്മെന്റിന് ആകെ ഫസ്ലി 1130 രൂപാ വരിച്ചക്രം ലാഭമായിരുന്നു. ഫസ്ലി മുതൽ ഫസ്ലി 1132 വരെ ഫസ്ലി 1131 ൽ രൂപാ ചക്രം നഷ്ടം വന്നു. ഇതു മുമ്പുണ്ടായിരുന്ന ലാഭം കൂടി കണക്കാക്കിയതല്ല. ഫസ്ലി 1132 അവസാനം വരെയുള്ള നഷ്ടം സംബന്ധിച്ചുള്ള രൂപാ ചക്രം കൊടുത്തു. ഈ കണക്കു ഗവണ്മെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

MR. PAUL A. THALIAT : ഈ ലാഭനഷ്ടങ്ങൾ ഓഡിറ്റു ചെയ്തതിന്റെ ഫലമായിട്ടാണോ കണക്കാക്കപ്പെട്ടിട്ടുള്ളത്?

HON'BLE MR. A. THANU PILLAI : ഇതു് ഓഡിറ്റു ചെയ്തതിന്റെ ശേഷമാണ് കണക്കാക്കപ്പെട്ടിട്ടുള്ളതു്.

MR. P. T. CHACKO: അതിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്റെകുറ്റം മൂലം ഗവണ്മെന്റിനു നഷ്ടം വന്നിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസു വേണം.

MR. K. A. MATHEW (*Thiruvella IV—General*) : ഫുഡ് ഡിപ്പാർട്ടുമെന്റിലെ കണക്കുകൾ പരസ്യപ്പെടുത്താഞ്ഞതിന്റെ കാരണം എന്താണ്?

HON'BLE MR. A. THANU PILLAI : പരസ്യപ്പെടുത്തിയിട്ടുണ്ട്.

MR. R. K. RAM (*Agasteeswaram General*) : இந்த நஷ்டம் வருவதற்குச் சாணம் கூடுதல் கிலோக்கு நெல் எடுத்து குறைந்த கிலோக்குக் கொடுத்ததினால் தானே?

HON'BLE MR. A. THANU PILLAI : ആ ചോദ്യം ഉത്തരം അർഹിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PILLAI: ഫെഫ-ൽ ലാളമോ നഷ്ടമോ?

HON'BLE MR. A. THANU PILLAI : ഫെഫ-ം, ഫെവെ-ം ചേർന്നുള്ള ഫിഗർ ആണ് എന്റെ കയ്യിലുള്ളത്. അതുകൊണ്ട് അതിപ്പോൾ തീർത്തുപറയാൻ നിവൃത്തിയില്ല.

MR. K. SIVARAMA PILLAI: ஆடிட் செய்வது ஒவ்வொரு வருஷத்திற்கும் பிரத்தியேகம் பிரத்தியேகம் தானே?

MR. P. T. CHACKO . ഏതെങ്കിലും ഉദ്യോഗസ്ഥന്റെ കഠോരം മൂലമാണ് നഷ്ടം വന്നിട്ടുള്ളതെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ ഗവണ്മെന്റു നടപടി നടത്തുമോ?

HON'BLE MR. A. THANU PILLAI . തീർച്ചയായും.

MR. R. K. RAM : Sir, a point of order. "அறிகின்றில்லை" என்று சொல்லலாமா என்பதற்கு ஒரு ரூலிங்கு வேண்டும்.

MR. PRESIDENT . ചോദ്യത്തിനു ഉത്തരം കൊടുക്കണമോ വേണ്ടയോ എന്നു തിരുമാനിക്കേണ്ടതു് പ്രസിഡന്റാണെന്നാണ് എനിക്കു തോന്നുന്നതു്. എന്നാൽ സാധാരണയായി നിസ്സാരമായ ചോദ്യമായിരിക്കുകയോ അതിനുത്തരം പറയാൻ താസ്സമുണ്ടായിരിക്കുകയോ ചെയ്യുമ്പോൾ ഉത്തരം പറയണമെന്നില്ല.

MR. P. S. MOHAMED (*Muvattupuzha I—Muslim Reserved*) : ഈ കണക്കുകളെല്ലാം ഇത്ര രഹസ്യമായി വച്ചിരിക്കുന്നതിന്റെ കാരണമെന്താണ്?

HON'BLE MR. A. THANU PILLAI . രഹസ്യം ഒന്നുമില്ല.

MR. P. S. MOHAMED . മുമ്പ് ഫഡ അഡൈ്വസറി കമ്മിറ്റി ഉണ്ടായിരുന്നു എന്നുള്ള വിവരം അറിയാമോ?

HON'BLE MR. A. THANU PILLAI . അതു ഞാൻ കേട്ടിട്ടുണ്ട്.

MR. P. S. MOHAMED : ആ കമ്മിറ്റി റിപ്പോർട്ടുകളും രഹസ്യമായിത്തന്നെയല്ലെ വച്ചിരിക്കുന്നതു്.

HON'BLE MR. A. THANU PILLAI : അങ്ങനെയാണെങ്കിൽ അതു ആ കമ്മിറ്റി മെമ്പറന്മാരുടെ അയോഗ്യത കൊണ്ടാണ്.

MR. P. T. CHACKO : ഭക്ഷ്യ വകുപ്പിൽനിന്നും ഗവണ്മെന്റിനു് വളരെ നഷ്ടമുണ്ടായിട്ടുണ്ടെങ്കിലും ഈ വകുപ്പിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കു വളരെ ലാഭം ഉണ്ടെന്നു ഗവണ്മെന്റിനറിയാമോ?

HON'BLE MR. A. THANU PILLAI : അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MOHAMED : ആ കമ്മറിയുടെ കൊള്ളരുതായ്മയോ ഗവണ്മെന്റിന്റെ കൊള്ളരുതായ്മയോ ഏതാണെങ്കിലും അങ്ങനെ ചെയ്യാതിരുന്നതിന്നിന്ന് എന്തോ രഹസ്യമുണ്ടെന്നു വേണ്ടേ വിചാരിക്കുവാൻ?

HON'BLE MR. A. THANU PILLAI : അതു് തെ അഭിപ്രായമാണു്.

Drainage Scheme at Nagercoil.

80. MR. P. THANULINGOM NADAR : கண்ணியம் தக்கிய மாமத்து மந்திரி அவர்கள் பின்னே தந்திருக்கும் கேள்விக்கு தயவுசெய்து பதில் சொல்வார்களா ?

நாகர்கோவில் முனிஸிப்பாலிட்டி டிறையினேஜ் ஸ்கீம் ரிப்போர்ட்டை சர்க்கார் இன்னும் வெளியிடாதது ஏன் ?

HON'BLE MR. A. THANU PILLAI : എസ്റ്റിമേറു് തൈനലൈസ് ചെയ്തിട്ടില്ല. അങ്ങനെയുള്ള എസ്റ്റിമേറുകളും റിപ്പോർട്ടുകളും പ്രസിദ്ധപ്പെടുത്താറുമില്ല.

MR. P. THANULINGOM NADAR : முனிஸிப்பாலிட்டி கேட்டால் கிடைக்குமா ? இது பூர்த்தியாவதற்கு எவ்வளவு நாள்கள் வேண்டும் ?

HON'BLE MR. A. THANU PILLAI : കിട്ടും. ഇതിന്റെ ചെലവു് മുനിസിപ്പാലിറ്റിയും ഗവണ്മെൻറും തമ്മിൽ എങ്ങനെയാണ് ചെയ്യേണ്ടതെന്നുള്ളതിനെപ്പറ്റി തീരുമാനം ഉണ്ടായിട്ടില്ല.

MR. P. THANULINGOM NADAR : எவ்வளவு காலத்திற்குள் பூர்த்தியாகும் ? சிலவைப்பற்றிக் கேட்கவில்லை. Report complete ஆவதற்கு எவ்வளவு நாளாகும் ?

HON'BLE MR. A. THANU PILLAI : അതു് കഴിയുന്നതും വേഗത്തിൽ തൈനലാക്കാം.

MR. A. NESAMONY (*Vilavancode—S. I. U. C. Reserved*) : Investigation report-ഉം கவர்மென்துக்கு submit செய்தது எப்போது என்று சொல்லலாமா ?

HON'BLE MR. A. THANU PILLAI : നോട്ടീസു വേണം.

Dam in Periyar River.

81. MR. PAUL A. THALIAT : Will the Honourable Minister for Public Works be pleased to state:

(*a*) whether the Government have taken any action to construct a dam with regulators in any place in Periyar river;

(*b*) if the answer to (a) is in the affirmative the locality fixed upon ;

(*c*) whether any expert has examined and reported on the scheme; and

(*d*) if the answer to (c) is in the affirmative will the report be placed on the table?

LIBRARY ARCHIVES Kerala Legislative Assembly